## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 462. 06.02.2014 ൽ മറുപടിയ്ക്ക്.

<u>അനധികൃതവാഹനങ്ങൾ കണ്ടെത്തുന്നതിനുള്ള പരിശോധന</u>

| <u>ചോദ്യം</u><br>ശ്രീ. പി.ബി. അബ്ദുൾ റസാക്<br>" കെ. മുഹമ്മദുണ്ണി ഹാജി<br>" സി.മോയിൻകുട്ടി<br>" പി.കെ. ബഷീർ | | <u>ഉത്തരം</u><br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നിയമാനുസൃത രജിസ്ട്രേഷനോ, രേഖകളോ ഇല്ലാത്ത നിരവധി വാഹനങ്ങൾ നിരത്തുകളിൽ ഓടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇതു പരിശോധിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | (ബി) | പുതിയ വാഹനങ്ങൾക്കും മറ്റു സംസ്ഥാനങ്ങളിൽ നിന്നും വാങ്ങിക്കൊണ്ടുവരുന്ന വാഹനങ്ങൾക്കും രജിസ്ട്രേഷൻ നല്കും മുമ്പ് വാഹനം പരിശോധിക്കുന്നുണ്ട്. പുതുതായി രൂപീകരിച്ച 34 മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡും മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരും പോലീസും റോഡിൽ നിരന്തരമായി വാഹന പരിശോധന നടത്തുന്നുണ്ട്. |
| (സി) | ഒരേ നമ്പരിൽ ഒന്നിലേറെ വാഹനങ്ങൾ ഓടുന്നുണ്ടെങ്കിൽ കണ്ടുപിടിക്കാൻ സംവിധാനമുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (സി) | വാഹനങ്ങൾ പരിശോധിക്കുമ്പോൾ ചേസിസ് നമ്പറും രജിസ്ട്രേഷൻ നമ്പറും പരിശോധിക്കുക വഴി കൃത്രിമം കണ്ടുപിടിക്കാം. പരാതി ലഭിക്കുമ്പോഴും വാഹന പരിശോധന നടത്തുമ്പോഴും മൊബൈൽ ഫോൺ ഇന്റർനെറ്റ് വഴി വാഹനത്തിന്റെ നിജസ്ഥിതി പരിശോധിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നിരത്തിലോടുന്ന വാഹനങ്ങളെയെല്ലാം നിരന്തരം നിരീക്ഷിക്കാനും, നിയമാനുസൃതമല്ലാത്ത വാഹനങ്ങളെ തിരിച്ചറിയാനും ഉതകുംവിധം, സ്കാനർ, ഹോളോഗ്രാം പോലുള്ള ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) | ഓട്ടോമേറ്റഡ് എൻഫോഴ്സ്മെന്റ്, സർവൈലൻസ് ക്യാമറ എന്നിവയിലൂടെ വാഹനങ്ങൾ നിരീക്ഷിക്കുവാൻ സാധിക്കും. ആർ.സി., ലൈസൻസ് മുതലായ രേഖകളിൽ ഹോളോഗ്രാം പതിപ്പിച്ച് ലാമിനേറ്റ് ചെയ്യുന്നതിനാൽ കൃത്രിമം എളുപ്പമല്ല. മോട്ടോർ വാഹന വകുപ്പ് കമ്പ്യൂട്ടറൈസ് ചെയ്തതിനാൽ വെബ് ബേസ്ഡ് സർവ്വീസ് ആക്കുവാൻ പരിപാടിയുണ്ട്. അതേ തുടർന്ന് സ്കാനർ പോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.